പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1686 — 18-06-2012 -ൽ മറുപടിക്ക്.

<u>മദ്യനയം</u>

| <u>ചോദ്യം:</u> | | <u>ഉത്തരം</u> |
|---|---|---|
| ശ്രീ. പി. കെ. ഗുരുദാസൻ :<br>" എ. കെ. ബാലൻ :<br>" എം. ചന്ദ്രൻ :<br>" ബി. ഡി. ദേവസ്സി : | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) | പ്രഖ്യാപിത മദ്യനയത്തിൽ നിന്ന് സർക്കാർ വ്യതിചലിക്കുകയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യം വിലയിരുത്തിയിട്ടുണ്ടോ; എന്തെല്ലാം വ്യതിയാനങ്ങളാണ് സംഭവിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ; | (എ) ഇല്ല. |
| (ബി) | മദ്യ ഉപഭോഗം ഘട്ടം ഘട്ടമായി കുറയ്ക്കുമെന്ന് ഈ സർക്കാർ പ്രഖ്യാപിച്ചിരുന്നുവോ; | (ബി) ബോധവൽക്കരണത്തിലൂന്നിയ മദ്യ വർജ്ജനമാണ് ഈ സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. |
| (സി) | ബാറുകളുടെ എണ്ണവും മദ്യത്തിന്റെ ഉപഭോഗവും കൂടിക്കൂടി വരികയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ ഏറ്റവും ഒടുവിലത്തെ സ്ഥിതി വിവരക്കണക്കുകൾ ലഭ്യമാണോ? | (സി) ഉണ്ട്. സംസ്ഥാനത്ത് മൊത്തം 718 ബാറുകൾക്ക് ഇതുവരെ ലൈസൻസ് നൽകിയിട്ടുണ്ട്. 2011-12ൽ, കെ.എസ്.ബി.സി. വഴി 241.78 ലക്ഷം കെയ്സ് ഇന്ത്യൻ നിർമ്മിത വിദേശ മദ്യവും, 97.82 ലക്ഷം കെയ്സ് ബിയറും വിൽപന നടത്തിയിട്ടുണ്ട്. |

സെക്ഷൻ ആഫീസർ